# ഗ്രാമ ന്യായാലയ ഇരിട്ടി, പായം

സാന്നിദ്ധ്യം: *Sri.Mohamed Mausoom. P. T. , BA LL.B (H)*
ന്യായാധികാരി

തീയ്യതി: **2026 മാർച്ച് 16 / 1947 ഫാൽഗുനം 25**

---

# M.C. No. 02/2025

ഹർജിക്കാർ : 1. ശാലിമ.ഇ
D/o.അസീസ്, വയസ്സ് 29,
ശാലിമ മൻസിൽ, കൊളപ്പ
ഇരിക്കൂർ,പി.ഒ, കണ്ണൂർ ജില്ല

2. മുഹമ്മദ് റയ്ഹാൻ
വയസ്സ് 8

3. മുഹമ്മദ്
വയസ്സ് 1,
(2,3, ഹർജിക്കാർ മൈനർ ആകയാൽ
2,3 ഹർജിക്കാർക്കുവേണ്ടി
ഒന്നാം ഹർജിക്കാരി)
(മട്ടന്നൂർ പോലീസ് സ്റ്റേഷൻ പരിധി)
***(ഹർജിക്കാർക്ക വേണ്ടി അഡ്വ. മുഹമ്മദലി. കെ)***

**V/s.**

എതൃകക്ഷികൾ : 1. നൗഷീർ
S/o റഹീം, വയ്സ്സ് 37
മുല്ലാളി ഹൌസ്,പെരുവളത്തുപറമ്പ്
ഇരിക്കൂർ പി.ഒ,കണ്ണൂർ ജില്ല

2. എം. മറിയം
W/o റഹീം, വയസ്സ് 60
മുല്ലാളി ഹൌസ്,പെരുവളത്തുപറമ്പ്
ഇരിക്കൂർ പി.ഒ,കണ്ണൂർ ജില്ല

3. എം.റഷീദ.
D/o റഹീം, വയസ്സ് 40
മുല്ലാളി ഹൌസ്,പെരുവളത്തുപറമ്പ്
ഇരിക്കൂർ പി.ഒ,കണ്ണൂർ ജില്ല

(ഇരിക്കൂർ പോലീസ് സ്റ്റേഷൻ പരിധി)
**(എതിർകക്ഷികൾക്കുവേണ്ടി അഡ്വ. സജീവൻ.പി.കെ)**

## ഉത്തരവ്

ഗാർഹിക പീഡനത്തിൽ നിന്നുമുള്ള സ്ത്രീ സംരക്ഷണ നിയമം,2005ലെ (*ഇനി മുതൽ* '**2005ലെ നിയമം'**) 12ാം, വകുപ്പ് പ്രകാരം ബോധിപ്പിച്ചതാണ് മേൽ അപേക്ഷ.

**2.** <u>അപേക്ഷയിലെ ഉള്ളടക്കത്തിന്റെ സംക്ഷിപ്ത രൂപം</u> :-

ഒന്നാം ഹർജിക്കാരിയും ഒന്നാം എതിർകക്ഷിയും തമ്മിലുള്ള വിവാഹം 06.09.2014 തീയതി ഇസ്ലാമിക ആചാര പ്രകാരം ഹർജിക്കാരിയുടെ മഹല്ലിൽ വെച്ച് നടന്നു. വിവാഹസമയത്ത് ഉപ്പയും ബന്ധുക്കളും ഹർജിക്കാരിക്ക് 25 (ഇരുപത്തിയഞ്ച്) പവൻ സ്വർണാഭരണങ്ങളും ആചാരപ്രകാരമുള്ള അറയും നൽകിയിരുന്നു. വിവാഹത്തിൻറെ ആദ്യകാലം മുതൽ തന്നെ എതിർകക്ഷികൾ ഹർജിക്കാരിയോട് ക്രൂരമായി പെരുമാറുകയും സ്ത്രീധനം ആവശ്യപ്പെട്ട മറ്റും പീഡിപ്പിക്കുകയും പതിവായിരുന്നു. മേൽ ബന്ധത്തിൽ രണ്ടാം ഹർജിക്കാരൻ 02.08.2016 തീയ്യതിയും, മൂന്നാം ഹർജിക്കാരൻ 14.12.2023 തീയ്യതിയും ജനിച്ചു. 2017ൽ എതിർകക്ഷികൾ ബാംഗ്ലൂരിൽ കച്ചവടം തുടങ്ങാൻ എന്നു പറഞ്ഞ് ഒന്നാം ഹർജിക്കാരിയെ ഭീഷണിപ്പെടുത്തിയും മർദ്ദിച്ചും 15(പതിനഞ്ച്) പവൻ സ്വർണാഭരണങ്ങൾ കൈപ്പറ്റുകയുണ്ടായി. 2018 ആദ്യം ഒന്നാം എതിർകക്ഷി ഹർജിക്കാരിക്ക് മഹറായി നൽകിയ രണ്ട് പവൻറെ സ്വർണ്ണചെയിൻ മർദ്ദിച്ച് ബലമായി കൈവശപ്പെടുത്തി. 2019 ഏപ്രിൽ 1ാം തീയതി എതിർകക്ഷി ഹർജിക്കാരിയെ ബാംഗ്ലൂരിലേക്ക് കൂട്ടിക്കൊണ്ടുപോകുകയും സഹോദരിയുടെ ഭർത്താവിനോട് ഫോണിൽ സംസാരിച്ചു എന്ന് ആക്ഷേപിച്ച് ഹർജിക്കാരിയെ ക്രൂരമായി മർദ്ദിക്കുകയും ഫോൺ നിലത്തെറിഞ്ഞ് പൊട്ടിക്കുകയും താമസസ്ഥലത്തുനിന്ന് പുറത്താക്കുകയും ഉണ്ടായി. ഹർജിക്കാരി രണ്ടാമത് ഗർഭിണിയായപ്പോൾ എതിർകക്ഷികൾ ഗർഭം അലസിപ്പിക്കാൻ നിർബന്ധിക്കുകയും, മൂന്നാം എതിർകക്ഷി ഹർജിക്കാരിയെ പിടിച്ചു വെക്കുകയും, രണ്ടാം എതിർകക്ഷി മുഖത്ത് അടിക്കുകയും ഒന്നാം എതിർകക്ഷി വയറിന് ചവിട്ടുകയും ഉണ്ടായി. എതിർകക്ഷിയുടെ നിരന്തരമായ പീഡനത്തിൽ മനമടുത്ത ഹർജിക്കാരി കൈ ഞരമ്പ് മുറിച്ച് ആത്മഹത്യയ്ക്ക് ശ്രമിക്കുകയും ഒടുവിൽ ഹർജിക്കാരിയെ നാട്ടിലേക്ക് കൂട്ടിക്കൊണ്ടു വരുകയുമായിരുന്നു. 2020ൽ ഹർജിക്കാരുടെ പേരിലുള്ള പട്ടാന്നൂർ അംശം ദേശത്ത് 6(ആറ്) സെന്റ് വസ്തു ഒന്നാം എതിർകക്ഷി നിർബന്ധിച്ചും ഭീഷണിപ്പെടുത്തിയും കെ ആർ ഖാദർ എന്നയാൾക്ക് Rs.6,00,000/-(ആറ്) ലക്ഷം രൂപയ്ക്ക് വിറ്റ് പണം സ്വന്തം ആവശ്യത്തിലേക്ക് ദുരുപയോഗം ചെയ്തു. ഒന്നാം എതിർകക്ഷി നാട്ടിൽ വരുമ്പോൾ എല്ലാം ഒന്നാം ഹർജിക്കാരിയെ സ്ത്രീധനവും മറ്റും ആവശ്യപ്പെട്ട് മർദ്ദിക്കുകയും ഭീഷണിപ്പെടുത്തുകയും പതിവായിരുന്നു. ഒന്നാം എതിർകക്ഷി ഹർജിക്കാരിയെകുറിച്ച് മൂത്തകുട്ടിയോട് വേശ്യാ എന്ന് ആക്ഷേപിച്ച് പറയാറുണ്ടായിരുന്നു. 1ാം എതുകക്ഷി ഹർജിക്കാരെ മതിയായി സംരംക്ഷിക്കാറുണ്ടായിരുന്നില്ല. ഹർജിക്കാരി ചിലവിന് ആവശ്യപ്പെടുമ്പോൾ എതുകക്ഷികൾ അവരെ ഭീഷണിപ്പെടുത്തുകയും മർദ്ദിക്കുകയും ചെയ്യുക പതിവായിരുന്നു. കഴിഞ്ഞ ഒരു വർഷമായി ഒന്നാം എതിർകക്ഷി ഹർജിക്കാരെ സംരക്ഷിക്കുകയോ സന്ദർശിക്കുകയോ ചെയ്തിട്ടില്ല.

**3.** ഹർജിക്കാർക്ക് സ്വന്തമായി സ്വത്തോ, തൊഴിലോ വരുമാനമോ ഇല്ല. 1ാം ഹർജിക്കാരിക്ക് ഭക്ഷണത്തിനും വസ്ത്രത്തിനും മറ്റുമായി മാസം Rs.15,000/-(പതിനയ്യായിരം) രൂപയും, രണ്ടാം ഹർജിക്കാരന് മാസം Rs.7500/-(ഏഴായിരത്തി അഞ്ഞൂറ്) രൂപയും, മൂന്നാം ഹർജിക്കാരന് മാസം Rs.5,000/-(അയ്യായിരം) രൂപയും വീതം ആവശ്യമാണ്. ഹർജിക്കാരി ഉപ്പയെ ആശ്രയിച്ച് കഴിഞ്ഞു വരികയാണ്. ഒന്നാം എതിർകക്ഷി ആരോഗ്യവാനും ബാംഗ്ലൂരിൽ കച്ചവടക്കാരനും ആണ്. മാസം Rs.1,00,000/-(ഒരു) ലക്ഷം രൂപ വരുമാനം ഉണ്ട്. 18(a)വകുപ്പ് പ്രകാരം ഹർജിക്കാർക്കെതിരെയുള്ള എതിർകക്ഷികളുടെ ശാരീരികവും മാനസികവുമായ പീഡനം തടഞ്ഞുകൊണ്ടും, 18(e) വകുപ്പ് പ്രകാരം 1, 2 എതിർകക്ഷിയുടെ കൂട്ടുകൈവശ ഉടമസ്ഥതയിലുള്ള ഇരിക്കൂർ അംശം കൂട്ടാവ് ദേശത്ത് റി.സ. 64/137 ൽപ്പെട്ട 2.83ആർ വസ്തുവിൽ ഒന്നാം എതിർകക്ഷിക്കുള്ള ഭാഗിക്കാതെയുള്ള നേർപകുതി അവകാശം കൈമാറുകയോ കടപ്പെടുത്തുകയോ അന്യാധീനപ്പെടുത്തുകയോ ചെയ്യുന്നത് തടഞ്ഞു കൊണ്ട് ഒരു ഉത്തരവിനും, ഒന്നാം എതിർകക്ഷി ഹർജിക്കാരിയോട് കൈപ്പറ്റിയ 15(പതിനഞ്ച്) പവൻ സ്വർണമോ ആയതിന്റെ വിലയായ Rs.9,00,000/- (ഒൻപത്) ലക്ഷം രൂപയും, ഹർജിക്കാരിയുടെ വസ്തു വിറ്റ് കൈക്കലാക്കിയ Rs.6,00,000/- (ആറ് ലക്ഷം രൂപ) ഹർജിക്കാരിക്ക് തിരിച്ച് നൽകുവാൻ കൽപ്പിച്ചുകൊണ്ട് ഒരു ഉത്തരവിനും, ഒന്നാം ഹർജിക്കാരിക്ക് മാസം Rs.15,000/-(പതിനയ്യായിരം) രൂപയും രണ്ടാം ഹർജിക്കാരന് Rs.7,500/-(എഴായിരത്തി അഞ്ഞൂറ്) രൂപയും, മൂന്നാം ഹർജിക്കാരന് മാസം Rs.5,000/- (അയ്യായിരം) രൂപയും വീതം ചെലവിന് നൽകാൻ ഒരു ഉത്തരവിനും, എതിർകക്ഷി ഹർജിക്കാരെ പീഡിപ്പിച്ചതിന് നഷ്ടപരിഹാരമായി Rs.3,00,000/-(മൂന്ന ലക്ഷം രൂപ) നൽകുവാൻ കൽപ്പിച്ചുകൊണ്ട് ഉത്തരവിനും ആണ് മേൽ ഹർജി ബോധിപ്പിച്ചിരിക്കുന്നത്.

**4.** ഹർജി ഫയലിൽ സ്വീകരിച്ച് എതൃകക്ഷികൾക്ക് നോട്ടീസ് അയച്ചു. എല്ലാ എതൃകക്ഷികളും നോട്ടീസ് കൈകപ്പറ്റി കോടതിയിൽ ഹാജരായി. ഇരുകക്ഷികളും മേൽ വ്യവഹാരം *'മീഡിയേഷൻ'* (Mediation) വഴി ഒത്തുതീർപ്പാക്കാൻ സന്നദ്ധരാണെന്ന് കോടതിയെ അറിയിച്ചു. ആയതിൻറെ അടിസ്ഥാനത്തിൽ മേൽ ഹർജി മട്ടന്നൂർ മീഡിയേഷൻ സെൻററിലേക്ക് റഫർ ചെയ്തു. കേസ് കാര്യങ്ങൾ കോടതിക്ക് പുറമേ വച്ച് മീഡിയേറ്റർ മുഖാന്തിരം ഒത്തുതീർപ്പിലെത്തിയതായി കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചു. ഒത്തുതീർപ്പിലെ വ്യവസ്ഥകൾ സംബന്ധിച്ച് ഇരുകക്ഷികളും സമ്മതിച്ച ഒപ്പിട്ട തയ്യാറാക്കിയ 19.12.2025 തീയതിയിലെ 'മീഡിയേഷൻ കരാർ' കോടതി മുമ്പാകെ ഹാജരാക്കി.

**5.** *മീഡിയേഷൻ* കരാറിലെ വ്യവസ്ഥകൾ പരിശോധിച്ചതിൽ, ആയത് നിയമാനുസൃതമാണെന്ന് കോടതിക്ക് ബോധ്യപ്പെട്ടു. ഇരുകൂട്ടരും ഒപ്പിട്ട ഫയൽ ചെയ്ത മീഡിയേഷൻ കരാർ ഈ ഉത്തരവിൻറെ ഭാഗമായി കണക്കാക്കേണ്ടതാണ്.

**6. <u>ആയതിൻറെ അടിസ്ഥാനത്തിൽ മേൽ ഹർജി താഴെ പറയും പ്രകാരം അനുവദിച്ചു ഉത്തരവാകുന്നു:</u>**

**A.** രണ്ടും മൂന്നും ഹർജിക്കാർക്ക് പ്രതിമാസം ജീവനാശമായി Rs.3,000/-(മൂവായിരം രൂപ) വീതം എല്ലാ ഇംഗ്ലീഷ് മാസവും പത്താം തീയതിക്ക് ഒന്നാം ഹർജിക്കാരിക്ക് അക്കൗണ്ട് ഉള്ള ഫെഡറൽ ബാങ്കിലെ ഇരിക്കൂർ ശാഖ മുഖേന നൽകാമെന്ന് എതിർകക്ഷി സമ്മതിച്ചിരിക്കുന്നു.

**B.** ഒന്നാം ഹർജിക്കാരിക്ക് നഷ്ടപരിഹാരമായി Rs.50,000/- (അമ്പതിനായിരം രൂപ) 28.02.2026ാം തീയതിക്ക് ഉള്ളിലായി ഒന്നാം എതിർകക്ഷി ഹർജിക്കാരിക്ക് നൽകാമെന്ന് സമ്മതിച്ചിരിക്കുന്നു.

**C.** ഹർജിക്കാർക്ക് ഡിസംബർ 31 തീയതി വരെ നൽകാനുള്ള ഇടക്കാല ചെലവ് സംഖ്യയായ Rs.25,000/-(ഇരുപത്തി അയ്യായിരം) രൂപയിൽ Rs.10,000/-(പതിനായിരം) രൂപ ഡിസംബർ 31 തീയതിയും ശേഷിച്ച സംഖ്യയായ Rs.15,000/-(പതിനയ്യായിരം) രൂപ 2026 ജനുവരി 31 തീയതിക്ക് നൽകാമെന്നും എതിർകക്ഷി സമ്മതിച്ചിരിക്കുന്നു

**D.** രണ്ടും മൂന്നും ഹർജിക്കാരെ മാസത്തിൽ ഒരു തവണ ഒന്നാം എതിർകക്ഷി ആവശ്യപ്പെടുന്ന പക്ഷം കാണിക്കാനും, അന്നേദിവസം Public Holiday ആണെങ്കിൽ രണ്ടാം ഹർജിക്കാരനെ ഒരു ദിവസം ഒന്നാം എതിർകക്ഷിയോടൊത്ത് താമസിക്കുന്നതിന് ഒന്നാം ഹർജിക്കാരി സമ്മതിച്ചിരിക്കുന്നു.

**E.** മേൽ പ്രകാരം മുഴുവൻ സംഖ്യയും കിട്ടുന്ന മുറയ്ക്ക് മേൽ നമ്പർ കേസ് പിൻവലിക്കാമെന്ന് ഒന്നാം ഹർജിക്കാരി സമ്മതിച്ചിരിക്കുന്നു.

**F.** ഈ കരാർ പ്രകാരം പ്രവർത്തിക്കുന്നതിൽ ഇരുകക്ഷികളും വല്ല വീഴ്ചയും വരുത്തുന്ന പക്ഷം, കേസിൽ നിയമാനുസൃതമായി മറ്റു തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**G.** ഈ ഉത്തരവിന്റെ ഒരു പകർപ്പ് വീതം ഇരു കക്ഷികൾക്കും സൗജന്യമായി നൽകേണ്ടതാണ്.

**H.** ഈ ഉത്തരവിന്റെ ഒരു പകർപ്പ് വീതം SHO മട്ടന്നൂർ പോലീസ് സ്റ്റേഷൻ, SHO ഇരിക്കൂർ പോലീസ് സ്റ്റേഷൻ, വുമൺ പ്രൊട്ടക്ഷൻ ഓഫീസർ (കണ്ണൂർ ജില്ല) എന്നിവർക്കും അയക്കേണ്ടതാണ്.

*(കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന് പറഞ്ഞ് കൊടുത്ത്, ടിയാൾ രേഖപ്പെടുത്തി തയ്യാറാക്കി തന്ന ഈ വിധി ആവശ്യമായ തെറ്റുതിരുത്തലുകൾ നടത്തി 2026, മാർച്ച് മാസം 16-ാം തീയതി തുറന്ന കോടതിയിൽ പ്രസ്താവിക്കുന്നു.)*

14/03/2026

**ന്യായാധികാരി**

**ഗ്രാമ ന്യായാലയ ഇരിട്ടി, പായം**